കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തരിയോട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.(ഡബ്ള്യ.വൈ.ഡി) പി1-420/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്.

തീയതി : 14/07/2017.

ഡെപ്യൂട്ടി ഡയറക്ടർ

വയനാട് ജില്ല.

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

തരിയോട് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : തരിയോട് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-1,2-3ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

പകർപ്പ് :-

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.(ഡബ്ള്യു.വൈ.ഡി) പി1-420/2017

തീയതി : 14/07/2017.

വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.10.2016 മുതൽ 27.07.2017 തിയ്യതി വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയുംപരിശോധിച്ചു

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് . സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ . പി . ബി സുരേന്ദ്രൻ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.06.2017മുതൽ<br>05.07.2017 വരെ |
| ഓഡിറ്റ്<br>നടത്തിയ<br>ഉദ്യോഗസ്ഥർ | ശ്രീ നവാസ് കെ .എം<br>അസി .ഓഡിറ്റ് ഓഫീസർ |
| | ശ്രീ കെ .വി ഡേവിഡ്<br>അസി .ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഇന്ദു കെ നായർ<br>ഓഡിറ്റർ |
| | ശ്രീമതി ടിജി വർഗ്ഗീസ്<br>ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി റീന സുരേഷ് | 01.04.2017<br>മുതൽ<br>31.03.2017<br>വരെ |
| വൈസ് പ്രസിഡന്റ് | ശ്രീ കെ .വി. ചന്ദ്രശേഖരൻ | 01.04.2017<br>മുതൽ<br>31.03.2017<br>വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(വികസന കാര്യം) | ശ്രീമതി സിന്ധു ഷിബു | 01.04.2017<br>മുതൽ<br>31.03.2017<br>വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(ക്ഷേമകാര്യം) | ശ്രീ സി . ടി ചാക്കോ | 01.04.2017<br>മുതൽ |

| | | |
|---|---|---|
| | | 31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(ആരോഗ്യം വിദ്യാഭ്യാസം ) | ശ്രീമതി ഷീജ ആന്റണി | 01.04.2017 മുതൽ 31.03.2017 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ അനിൽ രാമകൃഷ്ണൻ ( അഡീഷണൽ ചാർജ്ജ് ) | 01.04.2016മുതൽ 19.07.2016 വരെ |
| | എ .ആർ ജയകൃഷ്ണൻ | 20.07.2016 മുതൽ 08.08.2016 വരെ |
| | ശ്രീ അനിൽ രാമകൃഷ്ണൻ ( അഡീഷണൽ ചാർജ്ജ് ) | 08.08.2016 മുതൽ 14.11.2016 വരെ |
| | ശ്രീ സിബി വർഗ്ഗീസ് | 15.11.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (സി. എച്ച്. സി ചെന്നലോട് ) | ഡോ . വിജേഷ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ . സുരേഷ് | 01.04.2016 മുതൽ 18.05.2016 വരെ |
| | ഡോ നർജീസ് | 19.05.2016മുതൽ |

| | | |
|---|---|---|
| | പി | 31.03.2017 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ . രമ്യ | 01.04 .2016 മുതൽ<br>09.08.2016 വരെ |
| | ഡോ സിന്ധു എൻ എൻ | 10.08.2016 മുതൽ<br>31.03.2017 വരെ |
| വി ഇ ഒ | ശ്രീമതി അർഷിദ പി . സി | 01.04.2015 മുതൽ<br>31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ ഈശ്വരപ്രസാദ് | 01.04.2016മുതൽ<br>31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി സിൽവിയ | 01.04.2016 മുതൽ<br>31.03.2017 വരെ |
| ടി . ഇ .ഒ | ശ്രീമതി ശ്രീകല . ടി .പി | 01.04.2015 മുതൽ<br>31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ . ജയേഷ് വി | 01.04.2016മുതൽ<br>31.03.2017 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി ഫിലോമിന ജോസഫ് | 01.04.2016 മുതൽ<br>31.03.2017 വരെ |
| അസി .എഞ്ചിനീയർ | ശ്രീ . മുനവർ കെ | 01.04.2016 മുതൽ<br>07.07.2016 വരെ |

| | | |
|---|---|---|
| | ശ്രീ വിനോദ് കെ എൻ | 20.08.2016 മുതൽ<br>31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| | | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2<br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | |
| 12 | പെർമിറ്റ് ഇല്ലാതെ കെട്ടിട നിർമ്മാണം നടത്തുന്ന | 2-1 |
| 13 | സ്ഥാപനത്തിനുള്ള തൊഴിൽ നികുതി , ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-2 |
| 14 | ലൈസൻസ് ഇല്ലാതെ സ്വകാര്യ വണ്ടിത്താവളങ്ങൾ പ്രവർത്തിക്കുന്ന | 2-3 |
| 15 | ഡി & ഒ ലൈസൻസ് | 2-4 |
| | ഭാഗം 2<br>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | |

| | | |
|---|---|---|
| | | |
| 16 | വിനിയോഗസാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം /തുക കൈപ്പറ്റിയതിന്റെ രശീതി എന്നിവ ലഭ്യമാക്കിയില്ല | 3-1 |
| 17 | വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയില്ല. | 3-2 |
| 18 | നിർവ്വഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൌണ്ടിൽ പലിശ ഇനത്തിൽ തുക അവശേഷിക്കുന്നു. | 3-3 |
| 19 | മൽസ്യ കർഷകർക്ക് സംരക്ഷണ വല മുഴുവനും വിതരണം നടത്തിയിട്ടില്ല | 3-4 |
| 20 | പൈപ്പ് കമ്പോസ്റ്റ് ,പശ്ചിമ ഘട്ട വികസന പദ്ധതി എന്നിവക്കായി ലഭിച്ച തുക മുഴുവനും ചെലവഴിക്കാതെ തിരിച്ചടച്ചു | 3-5 |
| 21 | പട്ടികവർഗ്ഗക്കാർക്ക് പുതിയ ജലസേചനക്കിണർ - പഴയ കിണറിന് സബ്സിഡി നൽകി - 20000 രൂപ നിരാകരണം | 3-6 |

| | | |
|---|---|---|
| | | |
| 22 | ജൈവ പച്ചക്കറി കൃഷി - കൈപ്പറ്റ് രസീതി ഹാജരാക്കിയില്ല – 72774 രൂപ തടസ്സം | 3-7 |
| 23 | പട്ടികവർഗ്ഗക്കാർക്ക് മുട്ടക്കോഴി വിതരണം - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി സബ്സിഡി അധികം നല്കി | 3-8 |
| 24 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - വിതരണ വിവരം ഹാജരാക്കിയില്ല | 3-9 |
| 25 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭിച്ചിട്ടില്ല. | 3-10 |
| 26 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭിക്കാൻ കാലതാമസം | 3-11 |
| 27 | വി.ഇ.ഒ. - യുടെ ക്യാഷ് ബുക്കിലെ/അക്കൌണ്ടിലെ നീക്കിയിരിപ്പ് | 3-12 |
| 28 | കെട്ടിടം നവീകരണത്തിന് പ്രോജക്ട് തയ്യാറാക്കി | 3-13 |

| | | |
|---|---|---|
| | പുതിയ നിർമ്മാണം നടത്തി - പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യം വ്യക്തമല്ല. | |
| 29 | ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ ചെലവ് കണക്കുകളും മിനിട്ട്സ് ബുക്കും ഇല്ല. | 3-14 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.2016ലെ 101/16-ാം തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 29.03.2017 ലെ 1-ാം തീരുമാനപ്രകാരവും അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 39660616 രൂപയും ചെലവ് 117335824 രൂപയും യഥാർത്ഥ വരവ് 10867582 രൂപയും , ചെലവ് 33337095 രൂപയുമാണ് .

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.15 | 30.06.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10867582.6രൂപ |
| വരവ് | 39839042രൂപ |
| ആകെ | 50706624രൂപ |
| ചെലവ് | 33337095രൂപ |
| നീക്കിയിരിപ്പ് | 17369529 രൂപ |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8670860 | 8670860 | 8670860 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 193103 | 193103 | 193103 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 4546688 | 4546688 | 4546688 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 578835 | 578835 | 578835 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 543940 | 543940 | 543940 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1403574 | 1403574 | 1403574 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 424800 | 424800 | 424800 | 0 | 100 |
| എം. എൻ . ആർ.ജി. എസ് | 5578 | 24444492 | 24450070 | 24397522 | 52548 | 99.78 |
| ബി ഫണ്ട് | 0 | 12286025 | 12286025 | 12286025 | 0 | 100 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 123 | 41880981 | 57 | 17582447 | 0 | 70 | 46.3 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1133499/- രൂപ (30.54%) വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2408016 | 3338459 | 930443 | 38.64 |
| നികുതിയേതര വരവുകൾ | 1303950 | 1507006 | 203056 | 15.57 |
| ആകെ | 3711966 | 4845465 | 1133499 | 30.54 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 24 | 54240 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 259 | 2347020 |
| വിധവാപെൻഷൻ | 359 | 3182890 |
| വാർദ്ധക്യകാലപെൻഷൻ | 622 | 5597160 |
| വികലാംഗപെൻഷൻ | 105 | 1031315 |
| അവിവാഹിത പെൻഷൻ | 11 | 82400 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05/07/2017 ഉച്ചയ്ക്ക് 12 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2495/- രൂപ (രണ്ടായിരത്തി നാനൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം ) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.09.2016 | 2016 ഏപ്രിൽ മുതൽ ജൂൺ വരെ | റിപ്പോർട്ട് ലഭിച്ചില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.04.2010 | 2005-06 മുതൽ 2009-10 വരെ | 09.06.2010 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പെർമിറ്റ് ഇല്ലാതെ കെട്ടിട നിർമ്മാണം നടത്തുന്നു

ഗ്രാമ പഞ്ചായത്ത് പരിധിയിൽ കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കാതെ എത്ര കെട്ടിടങ്ങൾ പണി തുടങ്ങിയിട്ടുണ്ടെന്നുള്ള ഓഡിറ്റ് എൻക്വയറി നമ്പർ - 05 /16-17 /04.7.2017 ക്ക് മറുപടിയായി പ്രകാശ് പാറേക്കുടിയിൽ, ചെറുവത്ത് മാമി എന്നിവർ കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കാതെ പണി തുടങ്ങിയിട്ടുണ്ടെന്നും ഉടൻ സ്റ്റോപ്പ് മെമ്മോ കൊടുക്കുന്നതാണെന്നും അറിയിച്ചു.

കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കാതെ പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി എമിനന്റ് പബ്ലിക്ക് സ്കൂൾ, ലൂർദ്ദ് മാതാ സ്കൂൾ എന്നിവ കെട്ടിട നിർമ്മാണ പെർമ്മിറ്റ് എടുക്കാതെയാണ് പ്രവർത്തിക്കുന്നതെന്നും ഉടൻ നടപട സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. ഇതിനെ തുടർന്ന് നടത്തിയ സ്ഥല പരിശോധനയിൽ മേൽ സ്കൂളുകൾക്ക് കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള സൗകര്യങ്ങളില്ല എന്ന് വ്യക്തമായിട്ടുണ്ട്. അനധികൃത കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് കാരണം പെർമിറ്റ് ഫീ, വസ്തു നികുതി, ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ പഞ്ചായത്തിന് ധനനഷ്ടം ഉണ്ടാവാനിടയുണ്ട്. പഞ്ചായത്ത് ഇക്കാര്യത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 സ്ഥാപനത്തിനുള്ള തൊഴിൽ നികുതി , ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല.

തൊഴിൽ നികുതി രജിസ്റ്ററും ഡി & ഒ രജിസ്റ്ററും പരിശോധിച്ചപ്പോൾ കാണപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1. കേരള പഞ്ചായത്തീരാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി റിട്ടേൺ ഫോം നം.2 വിൽ സമർപ്പിക്കേണ്ടതാണ്. ഫോം നം.2 വിൽ സമർപ്പിച്ചതായി കാണുന്നില്ല.

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയെടുക്കുന്ന ഓട്ടോ തൊഴിലാളികൾ, ചുമട്ടു തൊഴിലാളികൾ എന്നിവരൊന്നും തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ചതായി കാണുന്നില്ല.

3. സ്ഥാപനത്തിനുള്ള തൊഴിൽ നികുതിയിനത്തിൽ 22,500/- രൂപ ബി.എസ്.എൻ.എൽ അടയ്ക്കാനുള്ളതായി 2016-17 വർഷത്തെ അരിയർ ഡിമാന്റ് രജിസ്റ്റർ പ്രകാരം കാണുന്നു. മേൽ നികുതി ഈടാക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കേണ്ടതാണ്.

4. 2016-17 വർഷത്തിൽ 241 പേർ സ്ഥാപന തൊഴിൽ നികുതി അടച്ചതായും 263 പേർ ഡി&ഒ രജിസ്റ്റർ എടുത്തതായും കണ്ടു. ഇതിനെത്തുടർന്ന് നടത്തിയ സ്ഥല പരിശോധനയിൽ താഴെപറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു വിശദീകരണം നൽകേണ്ടതാണ്.

| ക്രമ നം. | | അപാകത |
|---|---|---|
| 1 | ലൂർദ്ദ് മാതാ എൽ.കെ.ജി,യു.കെ.ജി | സ്ഥാപനത്തിനുള്ള തൊഴിൽ നികുതി,ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ അടയ്ക്കുന്നില്ല. |
| 2 | എമിനന്റ് പബ്ലിക് സ്കൂൾ | സ്ഥാപനത്തിനുള്ള തൊഴിൽ നികുതി,ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ അടയ്ക്കുന്നില്ല. |
| 3 | പാറക്കണ്ടി ഫ്യൂവൽസ് | ഡി & ഒ ലൈസൻസ് പ്രദർശ്ശിപ്പിച്ചിട്ടില്ല, സ്ഥാപനത്തിനുള്ള തൊഴിൽ നികുതി,ജീവനക്കാരുടെ |

| | | |
|---|---|---|
| | | തൊഴിൽ നികുതി എന്നിവ അടയ്ക്കുന്നില്ല. |
| 4 | പത്മിനി മെഡിക്കൽസ് | ഡി & ഒ ലൈസൻസ് പ്രദർശ്ശിപ്പിച്ചിട്ടില്ല,. സ്ഥാപനത്തിനുള്ള തൊഴിൽ നികുതി അടയ്ക്കുന്നില്ല. |
| 5 | എയ്ൻജൽ പിഗ്സ്റ്റാൾ | ഡി & ഒ ലൈസൻസ് പ്രദർശ്ശിപ്പിച്ചിട്ടില്ല, സ്ഥാപനത്തിനുള്ള തൊഴിൽ നികുതി അടയ്ക്കുന്നില്ല. |
| 6 | റേഷൻ കടARD No.98, അബൂബക്കർ സിദ്ദീഖ് | ഡി & ഒ ലൈസൻസ് പ്രദർശ്ശിപ്പിച്ചിട്ടില്ല, സ്ഥാപനത്തിനുള്ള തൊഴിൽ നികുതി അടയ്ക്കുന്നില്ല. |
| 7 | പഞ്ചായത്തിനടുത്ത് 8-ാം മൈൽ റോഡിലുള്ള ബീഫ് സ്റ്റാൾ | ഡി & ഒ ലൈസൻസ് പ്രദർശ്ശിപ്പിച്ചിട്ടില്ല, സ്ഥാപനത്തിനുള്ള തൊഴിൽ നികുതി അടയ്ക്കുന്നില്ല. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 04 /16-17/04.07.2017 ന് മറുപടിയായി 2017-18 മുതൽ നിശ്ചിത ഫോറത്തിൽ തൊഴിൽ നികുതി റിട്ടേൺ സ്വീകരിക്കുന്നതാണെന്നും ഓട്ടോതൊഴിലാളികൾ, ചുമട്ടു തൊഴിലാളികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി പിരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും 2008-09 സാമ്പത്തിക വർഷം മുതലുള്ള ബി.എസ്.എൻ.എൽ സ്ഥാപന നികുതി അടപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളുടേയും തൊഴിൽ നികുതി അടയ്ക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി)ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരർദ്ധവർഷം തൊഴിൽ നികുതി കൊടുക്കുന്നതിന് ബാധ്യസ്ഥനോ, ബാധ്യസ്ഥരോ ആണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം അങ്ങനെയുള്ള കമ്പനിയോട്/ആളോട് തുടർന്നുള്ള അർദ്ധവർഷത്തിൽ ഫോറം VI ലുള്ള നോട്ടീസ് പ്രകാരം 15 ദിവസത്തിനുള്ളിൽ റിട്ടേൺ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏത് ആദായത്തിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെയുള്ള അർദ്ധവർഷത്തേക്ക് നിർണ്ണയത്തിന് ബാധ്യതപ്പെട്ടിരിക്കുന്നുവെന്ന് കാണിക്കുന്ന ഒരു നോട്ടീസ് നൽകേണ്ടതാണ്.അതുപോലെത്തന്നെ മേൽ ചട്ടങ്ങളിൽ ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിയ്ക്ക് തൊഴിലുടമയോട് സ്ഥാപനത്തിൽ ജോലിചെയ്യുന്ന എല്ലാവരുടേയും പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റ്, വരുമാനത്തെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്.സെക്രട്ടറിക്കുള്ള അധികാരങ്ങൾ ഉപയോഗിച്ച് ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളടക്കമുള്ളവയ്ക്ക് നോട്ടീസ് കൊടുത്തിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്ത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള സത്വരനടപടി സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-3 ലൈസൻസ് ഇല്ലാതെ സ്വകാര്യ വണ്ടിത്താവളങ്ങൾ പ്രവർത്തിക്കുന്നു

തരിയോട് ഗ്രാമ പഞ്ചായത്തിൽ എത്ര സ്വകാര്യ വണ്ടിത്താവളങ്ങളുണ്ടെന്ന ഓഡിറ്റ് എൻക്വയറി നം.03 /16-17/30.06.2017 ന് മറുപടിയായി ഭാഗ്യലത. സി എന്നവർ സ്വകാര്യ വണ്ടിത്താവളം നടത്തുന്നതിനുള്ള ലൈസൻസിന് അപേക്ഷിച്ചിട്ടുണ്ടെന്നും ആർ.ടി.ഒ യുടെ അനുമതി ലഭിക്കുന്നമുറയ്ക്ക് ലൈസൻസ് അനുവദിക്കാൻ 28/09/16 ലെ

ഭരണസമിതി തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചു. ഇതിനെ തുടർന്ന് നടന്ന സ്ഥല പരിശോധനയിൽ കർലാട് തടാകത്തിന് മുൻപിലായി 2 വണ്ടിത്താവളങ്ങളും തടാകത്തിലേയ്ക്കുള്ള പ്രവേശന മാർഗ്ഗത്തിന്റെ സൈഡിൽ ഇടതുവശത്തായി ഒരു വണ്ടിത്താവളവും പ്രവേശന മാർഗ്ഗത്തിന്റെ വലതു ഭാഗത്ത് ഏകദേശം 50 മീ. താഴെയായി തരിയോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഉടമസ്ഥതയിലുള്ള ഒരു വണ്ടിത്താവളവും പഞ്ചായത്തിന്റെ അനുമതി കൂടാതെ പ്രവർത്തിക്കുന്നതായി കണ്ടു. അനുമതി കൂടാതെ പ്രവർത്തിക്കുന്ന വണ്ടിത്താവളങ്ങളിൽ നിന്നും പിഴ സഹിതം ലൈസൻസ് ഫീ ഈടാക്കി അറിയിക്കേണ്ടതാണ് .

## 2-4 ഡി & ഒ ലൈസൻസ്

1) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്വാറികളുടെ വിശദാംശം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടിയായി അബ്രഹാം തെങ്ങടയിൽ എന്നയാളുടെ പേരിൽ ഒരു ക്വാറിക്ക് 2016-17 വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുണ്ടായിരുന്നുവെന്നും പാരിസ്ഥിതിക അനുമതിയുടെ കാലാവധി തീർന്നതിനാൽ ക്വാറിയുടെ പ്രവർത്തനം നിർത്തിവെയ്ക്കാൻ നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്.

2) ലൈസൻസ് എടുത്ത കച്ചവടക്കാരുടെ മാത്രം വാർഡു തിരിച്ചുള്ള ലിസ്റ്റാണ് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളത് . മുഴവൻ കച്ചവടക്കാരുടേയും വാർഡ് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ട മുഴവൻ തുകയും ഡിമാന്റ് ചെയ്യാനോ, കുടിശ്ശിക കൃത്യമായി അറിയാനോ അത് പിരിച്ചെടുക്കാനോ സാധിക്കുന്നില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 2017-18 വർഷത്തിൽ വാർഡുകളിൽ പരിശോധന നടത്തി മുഴവൻ ട്രേഡേഴ്സിന്റെയും ലിസ്റ്റ് തയ്യാറാക്കി ഡിമാന്റ് ചെയ്യുന്നതായിരിക്കും എന്നറിയിച്ചിച്ചുണ്ട്.

3) ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ സ്വകാര്യ ആശുപത്രി രജിസ്ട്രേഷൻ എടുക്കാതെയാണ് പ്രവർത്തിക്കുന്നത്. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 270 അനുസരിച്ച് ഒരു ഗ്രാമ പഞ്ചായത്ത് പരിധിയിൽ പഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ യാതൊരു സ്വകാര്യ ആശുപത്രിയും പ്രവർത്തിക്കാൻ പാടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 02/16-17,29-06-17 ) ന് മറുപടിയായി 2017-18 വർഷത്തിൽ സ്വകാര്യ ആശുപത്രി രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

4) ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പ്, റേഷൻ കടകൾ, മത്സ്യ വ്യാപാരം, എന്നിവ ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത് ഇത്

സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പെട്രോൾ പമ്പിന്റെ എക്സ്പ്ലോസീവ് സർട്ടിഫിക്കറ്റിന്റെ കാലാവധി തീർന്നതിനാൽ ഡി&ഒ ലൈസൻസ് പുതുക്കി നൽകാൻ കഴിയില്ലെന്നും റേഷൻ കടകൾക്ക് ലൈസൻസ് എടുപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മത്സ്യ വ്യാപാരത്തിന് പി.സി.ബി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാലാണ് ലൈസൻസ് അനുവദിക്കാത്തതെന്നും അറിയിച്ചിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിനിയോഗസാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം /തുക കൈപ്പറ്റിയതിന്റെ രശീതി എന്നിവ ലഭ്യമാക്കിയില്ല

2016-17 വർഷത്തിൽ നടത്തിയ വിവിധ ചെലവുകൾ സംബന്ധിച്ച് വിവിധ ഏജൻസികളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം/ തുക കൈപ്പറ്റിയതിന്റെ രശീതി എന്നിവ ലഭിക്കാത്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ/വൗച്ചർ നം./തീയതി | പ്രവൃത്തി/ആവശ്യം | തുക | തുക കൈപ്പറ്റിയ ഏജൻസി |
|---|---|---|---|
| വൗച്ചർ നമ്പർ 21600691/17.2.17 | ബസ്റ്റാൻറ് കം ഷോപ്പിംഗ് കോപ്ലക്സ് വൈദ്യുതീകരണം | 72458 | കെ.എസ്.ഇ.ബി. സെക്ഷൻ, പടിഞ്ഞാറത്തറ |
| വൗച്ചർ നമ്പർ 21600692 തിയ്യതി 17.2.17 | ഐ.കെ.എം.വിഹിതം | 91025 | എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം. |
| വൗച്ചർ നമ്പർ | മഴക്കാല പൂർവ്വ | 130000 | മെഡിക്കൽ |

| | | | |
|---|---|---|---|
| 21600227 തിയ്യതി 14.7.16 | ശുചീകരണം | | ഓഫീസർ, തരിയോട്. |
| ബിൽ നമ്പർ 45/17.2.17 | സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം | 150837 | ഡയറക്ടർ സോഷ്യൽ സെക്യൂരിറ്റി മിഷൻ |
| 21600712 തിയ്യതി 27.2.17 | ഐ.കെ.എം. വിഹിതം | 100000 | എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം. |

2016-17 വർഷത്തിൽ നടത്തിയ വിവിധ ചെലവുകൾ സംബന്ധിച്ച് വിവിധ ഏജൻസികളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-2 വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയില്ല.

2016-17 വർഷത്തെ വെള്ളക്കരം ഇനത്തിൽ താഴെ പറയുന്ന തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. | തുക |
|---|---|---|
| 1 | 21600373/23.9.16 | 45938 |
| 2 | 2160090/17.8.16 | 45938 |
| 3 | 2160061/23.4.16 | 45938 |
| 4 | 21600233/14.7.16 | 45938 |
| 5 | 21600611/20.1.17 | 45938 |

| | | |
|---|---|---|
| 6 | 21600092/19.5.16 | 45938 |
| 7 | 21600163/15.6.16 | 45938 |
| 8 | 21600784/25.3.17 | 45938 |
| 9 | 21600835/31.3.17 | 218941 |
| 10 | 21600489/15.11.16 | 45938 |
| 11 | 21600429/28.10.16 | 45938 |
| 12 | 21600548/29.12.16 | 45938 |
| | | 718319 |

105 ടാപ്പുകൾക്കാണ് തുക അടച്ചത്. സംയുക്ത പരിശോധന നാളിതുവരെ നടത്തിയിട്ടില്ല. സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് നൽകേണ്ടതാണ്.

## 3-3 നിർവ്വഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൌണ്ടിൽ പലിശ ഇനത്തിൽ തുക അവശേഷിക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൌണ്ടിൽ പലിശ ഇനത്തിൽ തുക അവശേഷിക്കുന്നു. വിവിധ വർഷങ്ങളിൽ പലിശ ഇനത്തിൽ മുതൽ കൂട്ടപ്പെട്ട തുകയാണ് നിർവ്വഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൌണ്ടിൽ ഉള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമനം | നിർവഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ട് നമ്പർ | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 40123100110134<br>KGB കാവുംമന്ദം | 36315/01.05.2017 |
| 2 | ഹെഡ്മാസ്റ്റർ , ജി .യു .പി എസ് ചെന്നലോട് | 401231001100356<br>KGB കാവുംമന്ദം | 7902/01.05.2017 |

നിർവ്വഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൌണ്ടിൽ ഉള്ള നീക്കിയിരിപ്പിന്റെ വിവരം പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുമില്ല.നീക്കിയിരിപ്പ് തുക ട്രഷറിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-4 മൽസ്യ കർഷകർക്ക് സംരക്ഷണ വല മുഴുവനും വിതരണം നടത്തിയിട്ടില്ല

പ്രോജക്ട് നം - 82/2017

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 50000

ചെലവ് - 27715(vr 21600837/31.3.17)

40 മൽസ്യ കർഷകർക്കായി മൽസ്യഫെഡിൽ നിന്നാണ് വല വാങ്ങിയത്. വിതരണം ചെയ്ത രേഖ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിതരണം ചെയ്യാത്ത വല പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു. സംരക്ഷണ വല വിതരണം ചെയ്ത രേഖ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-5 പൈപ്പ് കമ്പോസ്റ്റ്, പശ്ചിമ ഘട്ട വികസന പദ്ധതി എന്നിവക്കായി ലഭിച്ച തുക മുഴുവനും ചെലവഴിക്കാതെ തിരിച്ചടച്ചു

തരിയോട് പഞ്ചായത്തിൽ 1851പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ശുചിത്വ മിഷനിൽ നിന്നും 499770 രൂപ ലഭിച്ചു. 300പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചു.നാളിതുവരെ 202500 രൂപ ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ നിർദ്ദേശ പ്രകാരം ചെലവഴിക്കാത്ത 297270 രൂപ വൗച്ചർ നം. 21600881/31.3.17 പ്രകാരം തിരിച്ചടച്ചു .

പശ്ചിമ ഘട്ട വികസന പദ്ധതിക്കായി ലഭിച്ച തുകയിൽ ചെലവഴിക്കാത്ത തുക വൗച്ചർ നം. 21600483/10.3.16 പ്രകാരം 13,35,393 രൂപ മുതൽ ഇനത്തിലും വൗച്ചർ നം. 21600484/10.3.16 പ്രകാരം 1,37,559 രൂപ പലിശ ഇനത്തിലും സർക്കാർ നിർദ്ദേശ പ്രകാരം തിരിച്ചടച്ചു.

സാമ്പത്തിക സ്ഥിതി പൊതുവെ ദുർബലമായ തരിയോട് പഞ്ചായത്തിൽ വികസനപ്രവർത്തനത്തിനായി ലഭിക്കുന്ന തുക ചെലവഴിക്കാതെ തിരിച്ചടക്കുന്നത് ശരിയായ നടപടിയല്ല.

## 3-6 പട്ടികവർഗ്ഗക്കാർക്ക് പുതിയ ജലസേചനക്കിണർ - പഴയ കിണറിന് സബ്സിഡി നൽകി - 20000 രൂപ നിരാകരിക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ - 32/17 , പുതിയ ജലസേചനക്കിണർ ( പട്ടികവർഗ്ഗം )

അടങ്കൽ - 267000രൂപ ( ടി.എസ് .പി )

ചെലവ് - 140000 രൂപ( ബിൽ നം. KBT/2/2016-17/21.03.2017 )

60000 രൂപ( ബിൽ നം. KBT/4/2016-17/25.03.2017 )

ഗ്രാമപഞ്ചായത്ത് പരിധിയിൽ കാർഷിക ആവശ്യങ്ങൾക്കുള്ള ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പട്ടികവർഗ്ഗ കർഷകർക്ക് ജലസേചനക്കിണർ ലഭ്യമാക്കുവാനും ഒരു കിണറിന് പ്രവൃത്തി മൂല്യത്തിന്റെ 90% ആയി പരമാവധി 20000/- രൂപ വരെ സബ്സിഡി നൽകുന്നതിനുമാണ് പദ്ധതി നടപ്പാക്കിയത് . 12-ാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ (11.01.2016 ലെ ജി .ഒ (എം.എസ്) 4/2016 തസ്വഭവ ) പ്രകാരം മുൻ വർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്ത നാമമാത്ര / ചെറുകിട കർഷകർക്കാണ് അർഹതയുള്ളത് . ടി പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും പണി പൂർത്തികരിച്ചതിനു ശേഷം എൽ . എസ് .ജി . ഡി എഞ്ചിനീയർ വാലുവേഷൻ എടുക്കേണ്ടതും അതിന്റെ 90% സബ്സിഡിയായി നൽകേണ്ടതുമാണ് .

പഞ്ചായത്തിലെ 4-ാം വാർഡിലെ ശ്രീമതി കല്യാണി കൃഷ്ണന് ടി പദ്ധതിയിൽ ഉൾപ്പെടുത്തി 20,000/- ( അക്കൗണ്ട് നം . 40123100110171 , KGB , കാവുംമന്ദം ) രൂപ നൽകിയിട്ടുണ്ട് . 34359 രൂപ എസ്റ്റിമേറ്റുള്ള ടി പ്രവൃത്തി പൂർത്തീകരിച്ചതായും അത്രയും തുകയ്ക്കുള്ള പണി നടന്നതായുമുള്ള വാലുവേഷൻ സർട്ടിഫിക്കറ്റ് എൽ . എസ് . ജി . ഡി

ഓവർസിയർ നൽകിയിട്ടുണ്ട് . 05.02.2017 ന് നടത്തിയ സ്ഥല പരിശോധനയിൽ ഗുണഭോക്താവ് പുതിയ കിണർ നിർമ്മിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടു. ഉപയോഗ ശൂന്യമായ പഴയ കിണറിനാണ് പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയിട്ടുള്ളത് . നിർവഹണ ഉദ്യോഗസ്ഥനോ , വാല്യുവേഷൻ എടുക്കാൻ ചുമതലപ്പെടുത്തിയ എഞ്ചിനീയറോ , മോണിറ്ററിംഗ് നടത്താൻ ചുമതലപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളോ സൈറ്റ് പരിശോധിച്ചിട്ടില്ലെന്ന് വ്യക്തമാണ് .

പുതിയ കിണർ നിർമ്മിക്കാതെ നിലവിലുള്ള കിണറിന് ഗുണഭോക്താവിന് തുക നൽകിയതിനും , സൈറ്റ് പരിശോധിക്കാതെ വാല്യുവേഷൻ നൽകിയതിനും, പദ്ധതി മോണിറ്റർ ചെയ്യാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/16-17/05.07.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ് . 20000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു .

## 3-7 ജൈവ പച്ചക്കറി കൃഷി - കൈപ്പറ്റ് രസീതി ഹാജരാക്കിയില്ല - 72774 രൂപ തടസ്സം

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ - 26/17 , ജൈവ പച്ചക്കറി കൃഷി

അടങ്കൽ - 160000രൂപ ( വികസന ഫണ്ട് )

ചെലവ് - 134974 രൂപ( ബിൽ നം. KBT/2/2016-17/25.03.2017)

പഞ്ചായത്തിൽ ജൈവ പച്ചക്കറി കൃഷി വ്യാപിക്കുന്നതിന് വാർഡ് തല അഗ്രോക്ലിനിക്കുകൾ മുഖേന കർഷകർക്ക് പച്ചക്കറി തൈകളും , ജൈവ വളവും വിതരണം ചെയ്യുകയാണ് പദ്ധതിയിൽ നടപ്പാക്കിയത് . പച്ചക്കറി തൈകൾ VFPCK യിൽ നിന്നും വാങ്ങിയതിന് 62200 രൂപയും, ജൈവ വളം വാങ്ങിയതിന് 72744 രൂപയും ചെലവായിട്ടുണ്ട്. 14 വാർഡുകളിലേയും അഗ്രോക്ലിനിക്ക് കൺവീനർമാർ ജൈവവളം വാങ്ങിയതിന്റെ ബില്ല് ഹാജരാക്കിയിട്ടുണ്ടെങ്കിലും തുക കൈപ്പറ്റിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല . കൈപ്പറ്റ് രസീതികൾ ഹാജരാക്കേണ്ടതാണ് . 72744 രൂപ തടസ്സത്തിൽ വെക്കുന്നു .

## 3-8 പട്ടികവർഗ്ഗക്കാർക്ക് മുട്ടക്കോഴി വിതരണം - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി സബ്സിഡി അധികം നല്കി

നിർവഹണോദ്യോഗസ്ഥൻ - വെറ്റനറി സർജൻ

പ്രൊജക്ടിന്റെ പേര് - പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം

ചെയ്യൽ

അടങ്കൽ - 100000( ടി . എസ് .പി )

ചെലവ് - 50,000/- ബിൽ നമ്പർ - 2/16-17 തീയതി - 22/02/2017 തുക – 50,000/-

ഗുണഭോക്തൃവിഹിതം - 7250/-

പഞ്ചായത്തിലെ 100 ഗുണഭോക്താക്കൾക്ക് ഒരാൾക്ക് 5 മുട്ടക്കോഴി കുഞ്ഞുങ്ങൾ എന്ന തോതിൽ നൽകിയിട്ടുണ്ട് . മീനങ്ങാടി മടായിക്കൽ പൗൾട്രിഫാമിൽ നിന്നും ഒന്നിന് 100 രൂപ തോതിൽ 500 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയിട്ടുണ്ട്. 12-ാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ ( 11.01.2016 ലെ ജി .ഒ (എം .എസ് ) 4/2016/തസ്വഭവ ) പ്രകാരം ഗുണഭോക്താക്കൾക്ക് 75% സബ്സിഡി നൽകാവുന്നതും 25% ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടതുമാണ് . ഒരാൾ 500 രൂപയുടെ കോഴികുഞ്ഞുങ്ങളെ നൽകിയതിനാൽ 125 രൂപ ഗുണഭോക്തൃ വിഹിതമായി ഈടാക്കേണ്ടതാണ് . എന്നാൽ ഗുണഭോക്താക്കളിൽ നിന്നും 72.50 രൂപ എന്ന തോതിലാണ് ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടുള്ളത് . 125 X100 = 12500 രൂപ ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിനു പകരം 72.50X100=7250 രൂപയാണ് ഗുണഭോക്തൃ വിഹിതമായി ഈടാക്കിയിട്ടുള്ളത് .

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . ഗുണഭോക്തൃ വിഹിതം കുറഞ്ഞ നിരക്കിൽ ഈടാക്കിയതിനാൽ 5250 രൂപ സർക്കാർ ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട് . 5250/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു .

## 3-9 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - വിതരണ വിവരം ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പ്രോജക്ട് നം - 19/17 , ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

ബിൽ നം - 5/16-17/21.03.2017-240000/- ( വികസനഫണ്ട് പൊതുവിഭാഗം )

ജില്ലാ പഞ്ചായത്ത് വിഹിതം - 144000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 204400/-

ആകെ - 588400/-

പഞ്ചായത്ത് പരിധിയിലെ 290 കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചത് . ജില്ലാ പഞ്ചായത്ത് വിഹിതം 31.03.2017 നം ,ബ്ലോക്ക് പഞ്ചായത്ത് വിഹിതം 12.04.2017 നം അക്കൗണ്ട് ട്രാൻസ്ഫർ വഴിയും ,

ബിൽ തുക 22.03.2017 നം കേരള ഗ്രാമീൺ ബാങ്കിന്റെ 40123100110170 -ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചെങ്കിലും നാളിതു വരെ തുക പൂർണ്ണമായും കർഷകരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല . 01.06.2017 ന് ടി അക്കൗണ്ടിൽ 31327 രൂപ നീക്കിയിരിപ്പുണ്ട് . തുകകൾ പൂർണ്ണമായും കർഷകരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ വിശദാംശങ്ങളും , അക്കൗണ്ടിൽ അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങളും ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . 588400/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു .

## 3-10 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭിച്ചിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ( ഹോമിയോ )

പ്രൊജക്ടിന്റെ പേര് - ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 75000/( സംരക്ഷണ ഗ്രാന്റ് - റോഡിതരം )

ബിൽ നമ്പർ - 1/16-17 തീയതി - 17/02/2017 തുക – 75000/-

തരിയോട് ഗ്രാമപഞ്ചായത്തിലെ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ പ്രൊജക്ട് പ്രകാരം വകയിരുത്തുകയും പിൻവലിക്കുകയും ചെയ്ത 75000 രൂപ ഹോംകോയ്ക്ക് അടച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ മരുന്ന് ലഭിച്ചിട്ടില്ല.

മരുന്ന് ലഭ്യമായതിന്റെ വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് . 75000 രൂപ തടസ്സത്തിൽ വെക്കുന്നു .

## 3-11 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭിക്കാൻ കാലതാമസം

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ( ആയുർവേദം )

പ്രോജക്ട് നം - 38/17 , ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 100000/- ( സംരക്ഷണ ഗ്രാന്റ് - റോഡിതരം )

ബിൽ നം - 1/16-17/20.02.2017-100000/-

പ്രോജക്ട് നം - 39/17 , പട്ടികവർഗ്ഗ വയോജനങ്ങൾക്ക് ആയുർവേദ ദേഹരക്ഷാ മരുന്നുകൾ നൽകൽ

അടങ്കൽ - 100000/-( ടി .എസ് .പി )

ബിൽ നം - 1/16-17/20.02.2017-100000/-

2016-17 വർഷത്തിൽ പഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ, ആയുർവേദം നടപ്പിലാക്കിയ പ്രൊജക്ട് നമ്പർ 38/17 , 39/17 എന്നിവയിൽ ഉൾപ്പെടുത്തി ഔഷധിയിൽ നിന്നും മരുന്ന് വാങ്ങുന്നതിനാണ് മേൽ തുക നൽകിയത് . എന്നാൽ നൽകിയ തുകയ്ക്കുള്ള മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല . മരുന്ന് ലഭ്യമായതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| പ്രൊജക്ട് നം/<br>പേര് | മരുന്ന് ലഭ്യമാക്കിയ തീയതി | ഇൻവോയിസ് നമ്പർ/തീയതി | മരുന്നിന്റെ വില |
|---|---|---|---|
| 38/17 , ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 19.04.2017 | 557/16-17/19.4.2017 | 35728 |
| | 20.06.2017 | 9200234/20.06.2017 | 16000 |
| 39/17 , പട്ടികവർഗ്ഗ വയോജനങ്ങൾക്ക് ആയുർവേദ ദേഹരക്ഷാ മരുന്നുകൾ നൽകൽ | 28.02.2017 | 555/375 /2017/28.02.2017 | 50107 |
| | 13.06.2017 | 555/375/2017-18 /13.06.2017 | 10209 |
| ആകെ | | | 112044 |

രണ്ട് പദ്ധതികളിലുമായി 200000 - 112044= 87956 രൂപയുടെ മരുന്ന് ലഭ്യമാകാനുണ്ട് . മരുന്ന് ലഭ്യമായതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് . 87956 രൂപ തടസ്സത്തിൽ വെക്കുന്നു .

## 3-12 വി.ഇ.ഒ. - യുടെ ക്യാഷ് ബുക്കിലെ/അക്കൌണ്ടിലെ നീക്കിയിരിപ്പ്

വി.ഇ.ഒ. യുടെ ക്യാഷ് ബുക്ക് പ്രകാരം 31.03.2017- ൽ 367826/-നീക്കിയിരിപ്പ് ഉണ്ട്. വി.ഇ.ഒ. യുടെ പേരിൽ ഗ്രാമപഞ്ചായത്ത് പദ്ധതികളുടെ നിർവ്വഹണത്തിനായി കേരള ഗ്രാമീൺ ബാങ്കിന്റെ ശാഖയിലും (A/C No. പ്ലാൻ-9997, ടി.എസ്.സി.-8737) തരിയോട് സർവ്വീസ് കോ- ഓപ്പ്. ബാങ്കിലും (A/C No. എം.എൻ.-8525, ഇ.എം.എസ്.-8504) ഉള്ള അക്കൌണ്ടുകളിലാണ് ഈ തുക സൂക്ഷിച്ചിട്ടുള്ളത്. ഈ ബാങ്ക് അക്കൌണ്ട് ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ അക്കൌണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. ബാങ്ക് അക്കൌണ്ടിൽ നീക്കിയിരിപ്പുള്ള പ്രസ്തുത തുകകളുടെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

12.04.2007ലെ ജി.ഒ.(പി)നം.177/2006/ധനം ഉത്തരവ് അനുസരിച്ച് ഡിമാണ്ട് ഡ്രാഫ്റ്റ് നൽകുക എന്ന ആവശ്യത്തിനു മാത്രമായി നോൺബാങ്കിംഗ് ട്രഷറി മുഖേന പണമിടപാടുകൾ നടത്തുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ബാങ്ക് അക്കൌണ്ട് ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഒരോ മാസത്തിന്റെയും അവസാനം ഇപ്രകാരം ആരംഭിച്ച അക്കൌണ്ടിൽ ബാക്കി നിൽക്കുന്ന തുക ചലാൻ മുഖേന ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഈ അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യുന്ന തുകകളുടെ വിവരം അനെക്സർ ബി - V ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 3-13 കെട്ടിടം നവീകരണത്തിന് പ്രോജക്ട് തയ്യാറാക്കി പുതിയ നിർമ്മാണം നടത്തി - പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യം വ്യക്തമല്ല.

ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം, വായനശാല കെട്ടിടം, കുടുംബശ്രീ ഓഫീസ് കെട്ടിടം എന്നിവയുടെ നവീകരണത്തിന് താഴെ പറയുന്ന പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട്.ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യം വ്യക്തമല്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.090/16-17 |
| പ്രോജക്ടിന്റെ പേര് | ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം, വായനശാല കെട്ടിടം, കുടുംബശ്രീ ഓഫീസ് കെട്ടിടം എന്നിവയുടെ നവീകരണം |
| അടങ്കൽ | 955514/-രൂപ (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) |
| സാങ്കേതിക | 9087/15-16, 01.10.2015 |

| | |
|---|---|
| അനുമതി | |
| ചെലവ് | 421116/-രൂപട്രഷറി ബിൽ നം. 01/16-17, 11/11/2016,<br>422000/-രൂപട്രഷറി ബിൽ നം. 02/16-17, 11/11/2016,<br>ആകെ: 843116/- രൂപ |
| എം. ബുക്ക് നമ്പർ | 367/16-17 (01-60) |
| കരാറുകാരൻ | ശ്രീ. സി.എം. ബാലൻ |
| കരാറുടമ്പടി നമ്പർ | 71/15-16, 2/03/2016 |

മേൽ പ്രോജക്ടിന്റെ ഫയലിൽ സൈറ്റ് പ്ലാനില്ല. അതിനാൽ പ്രവൃത്തി എവിടെയാണ് ചെയ്തതെന്ന് വ്യക്തമല്ല. എഞ്ചിനീയറിംഗ് വിഭാഗം നല്കിയ വിവരം അനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ വായനശാല സ്ഥിതിചെയ്യുന്ന ഇരുനിലകെട്ടിടത്തിന് മുകളിൽ ഒരു നിലകൂടി പണിയുകയും ഗ്രാമപഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന കെട്ടിടത്തിൽ ഷട്ടറുകൾ സ്ഥാപിക്കുകയുമാണ് ചെയ്തിട്ടുള്ളത്. മേൽപറഞ്ഞ പ്രവൃത്തികൾ എല്ലാം ഒരു പ്രവൃത്തി എന്നനിലയിൽ ഒന്നിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി വാങ്ങിയിട്ടുള്ളത്. അളവ് പുസ്തകത്തിലും പ്രവൃത്തികൾ എവിടെയാണ് നടത്തിയത് എന്നത് രേഖപ്പെടുത്തിയിട്ടില്ല.

പുതിയതായി നിർമ്മിച്ച ഭാഗം എന്താവശ്യത്തിനുള്ളതാണ് എന്ന് വ്യക്തമല്ല. ഇതിനുപുറമെ ഈ പുതിയ നിർമ്മിതിയുടെ വാതിലുകൾക്ക് കതകും ജനൽ ചട്ടയും കതകും പിടിപ്പിച്ചിട്ടില്ല. ഇലക്ട്രിഫിക്കേഷനും, പ്ലംബിംഗും നടത്തിയിട്ടുമില്ല. പദ്ധതി മാർഗ്ഗ രേഖ അനുസരിച്ച് (ജി.ഒ (എം.എസ്.) 04/2016/തസ്വഭവ, 11.01.2016) ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കണം (ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവയ്ക്ക് എസ്റ്റിമേറ്റിൽ ലംപ്സമായി തുക വരുത്തണം).

ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/2016-17/03.07.2017 -ന് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. അംഗീകാരം ലഭിച്ചതു പ്രകാരമല്ല പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത് എന്നതിനാലും ചെയ്ത പ്രവൃത്തിയുടെ ഉദ്ദേശ്യ ലക്ഷ്യം വ്യക്തമല്ലാത്തതിനാലും ചെലവ് തുക 843116/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-14 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ ചെലവ് കണക്കുകളും മിനിട്ട്സ് ബുക്കും ഇല്ല.

ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവ് വൌച്ചറുകളും ചെലവ് കണക്കുകളും ഗുണഭോക്തൃ സമിതിയുടെ മിനിട്ട്സ് ബുക്കും ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പറും പേരും | അടങ്കൽ | ചെലവ് തുക | ട്രഷറി ബിൽ നമ്പറും തീയതിയും |
|---|---|---|---|---|
| 1 | 52/17, കണ്ടലങ്ങാടി പാറക്കണ്ടി റോഡ് കോൺക്രീറ്റ് | 400000 (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | 400000 | 08/16-17, 08.03.2017 |
| 2 | 96/17, ചാത്തിപ്പടി കോളനി കുടിവെള്ള പദ്ധതി | 244500 (ടി.എസ്.പി.) | 218890 | 05/16-17, 24.12.2016 |
| 3 | 90/17, നമ്പ്യാർകുന്ന് കുടിവെള്ള പദ്ധതി | 140000(വികസന ഫണ്ട്) 15556(ഗു.വി.) | 133092 15556 | 03/16-17, 24.12.2016 ചെക്ക് നം. 11194/31.03.2017 |
| 4 | 97/17, പത്താം മൈൽ ഉതിരംചേരി കോളനി നടപ്പാത കോൺക്രീറ്റ് | 66405 (ടി.എസ്.പി.) | 66405 | 07/16-17, 08.03.2017 |
| | | ആകെ ചെലവ് | 833943/- | |

(ക്രമ നം. 4 -ലെ പ്രോജക്ടിന്റെ ചെലവ് വൗച്ചർ ഫയലിലുണ്ട്.)

ഗുണഭോക്തൃ സമിതിയുടെ മിനിട്ട്സ് ബുക്കും ചെലവ് കണക്കും വൌച്ചറുകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് കണക്കും ചെലവ് വൌച്ചറുകളും ഇല്ലാതെ തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/2016-17/03.07.2017 - ന് മറുപടി നൽകിയിട്ടില്ല.ആകെ ചെലവ് തുക 833943/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ലഭ്യമല്ല | 5750000 | 581900 | 581900 | | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക | തുക | തുക ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2008-09 | 3-3,3-4 | 1710 | ഇന്ദിര പി കെ<br>അസി. സെക്രട്ടറി ,<br>വൈത്തിരി | 11605100117/<br>08.04.2016 |
| | 3-4 | 2280 | ലീല സി<br>പാറക്കുടിയിൽ | 11605100242/<br>28.04.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 39839042രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 33337095രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 25250 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2501159 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | സർ ചാർജ്ജ് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 20000 | ശ്രീ ഈശ്വരപ്രസാദ് ,കൃഷി ഓഫീസർ |
| 3-8 | 5250 | ഡോ ജയേഷ്,വെറ്ററിനറി സർജൻ |
| ആകെ | 25250 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 72744 | ശ്രീ ഈശ്വരപ്രസാദ് ,കൃഷി ഓഫീസർ |
| 3-9 | 588400 | ഡോ ജയേഷ്,വെറ്ററിനറി സർജൻ |
| 3-10 | 75000 | ഡോ നർജീസ്, മെഡിക്കൽ ഓഫീസർ , ഹോമിയോ |
| 3-11 | 87956 | ഡോ സിന്ധു എൻ . എൻ ,മെഡിക്കൽ ഓഫീസർ , ആയുർവേദം |
| 3-13 | 843116 | ശ്രീ വിനോദ് കെ.എൻ , അസി .എഞ്ചിനീയർ |
| 3-14 | 833943 | ശ്രീ വിനോദ് കെ .എൻ , അസി .എഞ്ചിനീയർ |
| ആകെ | 2501159 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേര് , ഉദ്യോഗപേര് | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|

| | | |
|---|---|---|
| | | |
| ശ്രീ ഈശ്വരപ്രസാദ് ,കൃഷി ഓഫീസർ | കൃഷി ഓഫീസർ, തരിയോട് ഗ്രാമ പഞ്ചായത്ത് | ശ്രീവിലാസ്, തരുവണ( പി .ഒ) , വയനാട് |
| ഡോ ജയേഷ്,വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, വെറ്ററിനറി പോളിക്ലിനിക്ക് ബത്തേരി | കൃഷ്ണകൃപ , വിനായക , മഞ്ഞളാംകൊല്ലി റോഡ്, പുത്തൂർവയൽ പി .ഒ വയനാട് |

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ . എഫ് പി 2-532/98/17.11.98 |
| 1997-98 | എൽ. എഫ് (ഡബ്ല്യൂ) പി 3-624/00/28.3.01 |
| 1998-99,plan | എൽ. എഫ് (ഡബ്ല്യൂ)പി 1-88/2007/2.3.07 |
| 1998-99 | എൽ . എഫ് (ഡബ്ല്യൂ )പി 3-607/04/5.8.2005 |
| 1999-00 | എൽ. എഫ് (ഡബ്ല്യൂ )പി 1-294/04/3.8.06 |
| 2000-01,plan | എൽ. എഫ് (ഡബ്ല്യൂ )പി 1-295/04/31.12.2004 |
| 2001-02,plan | എൽ. എഫ് (ഡബ്ല്യൂ )പി 1-296/04/3.8.06 |

| | |
|---|---|
| 2001-02 | എൽ. എഫ് (ഡബ്ല്യു )പി 1 -168/2007/17.8.2007 |
| 2002-03 | എൽ. എഫ് (ഡബ്ല്യു )പി 1-400/2007/11.3.2008 |
| 2003-04 | എൽ. എഫ് (ഡബ്ല്യു )പി 1-1118/2008/31.12.2008 |
| 2004-05 | എൽ. എഫ് (ഡബ്ല്യു )പി 1-1117/08/4.2.13 |
| 2005-06 | എൽ. എഫ് (ഡബ്ല്യു )പി 1-1168/08/3.3.2009 |
| 2006-07 | എൽ. എഫ് (ഡബ്ല്യു )പി 1-661/10/17.1.13 |
| 2007-08 | എൽ. എഫ് (ഡബ്ല്യു )പി 1-90/13/15.2.12 |
| 2008-09 | എൽ. എഫ് (ഡബ്ല്യു )പി 1-377/13/13.5.14 |
| 2009-10 | എൽ. എഫ് (ഡബ്ല്യു )പി 1-561/11/17.10.11 |
| 2010-11 | എൽ. എഫ് (ഡബ്ല്യു )പി 1-221/14/15.7.14 |
| 2011-12 | എൽ. എഫ് (ഡബ്ല്യു )പി 1-258/14/18.2.15 |
| 2012-13 | എൽ. എഫ് (ഡബ്ല്യു )പി 1-2154/23.3.15 |
| 2013-14, 2014-15 | കെ.എസ്.എ .ഡബ്ല്യു.വൈ.ഡി P1-22/16/8.3.16 |
| 2015-16 | നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി).പി.1/772/16/15.12.16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-420/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ.

പിൻ -673121

തിയ്യതി : 14/07/2017.

Email- dowyd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് വകുപ്പ് നിയമത്തിൻെറ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിൻെറ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എൻെറ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എൻെറ അഭിപ്രായത്തിൽ തരിയോട് ഗ്രാമപഞ്ചായത്തിൻെറ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

AUDIT CERTIFICATE

No. KSA.WYD P1-420/17

Kerala State Audit Department

District Audit Office,

Wayanad, Kalpetta ,

Dated: 14/07/2017.

Email- dowyd.ksad@kerala.gov.in

CERTIFICATE

Certified that I have audited the Annual Financial Statement of Thariyod GramaPanchayat in Wayanad District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the financial statements of Thariyod Gramapanchayat for the year 2016-17, except the observations in My audit report, properly presents the picture of income and expenditure.

Senior Deputy Director

District office, Wayanad.